**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324** **04-10-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷനിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നികുതി ഇനത്തിൽ ലഭിച്ച തുക ബാങ്കിൽ അടയ്ക്കാതെ തിരുവനന്തപുരം കോർപ്പറേഷനിലെ ഉദ്യോഗസ്ഥർ ക്രമക്കേട് കാട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) | ഉണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ വിവിധ സോണൽ ഓഫീസുകളിലെ ജീവനക്കാർക്കെതിരെ നഗരസഭാതലത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. 1. ശ്രീകാര്യം സോണൽ ഓഫീസിലെ ക്ലർക്ക് ശ്രീ. അനിൽ കുമാറിനെയും ഓഫീസ് അറ്റൻഡന്റ് ആയ ശ്രീ. ബിജു. വി-യെയും സസ്പെന്റ് ചെയ്യുകയും നിലവിൽ കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ലളിതാംബികയ്ക്കെതിരായി വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് ശ്രീകാര്യം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. 2. നേമം സോണൽ ഓഫീസിലെ സൂപ്രണ്ട് ശ്രീമതി. ശാന്തി. എസ്-നെയും ക്ലർക്ക് ശ്രീമതി. സുനിത. എസ്-നെയും സസ്പെന്റ് ചെയ്തിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച് നേമം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ട്. 3. ആറ്റിപ്ര സോണൽ ഓഫീസിലെ ചെയിൻമാനായ ശ്രീ. ജോർജ്ജുകുട്ടിയെ സസ്പെന്റ് ചെയ്യുകയും നിലവിൽ കൊല്ലം കോർപ്പറേഷനിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. സുമതിയ്ക്കെതിരെ വകുപ്പുതല നടപടികൾക്ക് ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ